**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 425** **29.06.2016-ൽ മറുപടിയ്ക്ക്**

**പരുത്തിപ്പാറ 110 കെ. വി. സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. എം. ഷാജി : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | കെ. എസ്. ഇ. ബി. യുടെ കീഴിൽ പരുത്തിപ്പാറയിൽ 110 കെ. വി. സ്റ്റേഷനോടനുബന്ധിച്ച് എത്ര ഏക്കർ സ്ഥലമുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പരുത്തിപ്പാറയിൽ 110 കെ.വി സബ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് 4.53 ഹെക്ടർ (11.1891 ഏക്കർ) സ്ഥലത്താണ്. |
| (ബി) | ഇതിൽ ഏതെങ്കിലും ഭാഗം ഫ്ലാറ്റ് നിർമ്മിതിക്കായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ അതിനുള്ള മുതൽമുടക്ക് എത്രയെന്നും മാറ്റിവയ്ക്കുന്ന സ്ഥലം എത്രയെന്നും വ്യക്തമാക്കാമോ ; | (ബി) | പരുത്തിപ്പാറ 110 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് നിലവിലുള്ള ക്വാർട്ടേഴ്സുകൾ നീക്കം ചെയ്യുന്ന സ്ഥലത്ത് ഉദ്യോഗസ്ഥരുടെ താമസസൗകര്യം ഒരുക്കുന്നതിലേയ്ക്കായി, ഫ്ലാറ്റ് നിർമ്മിക്കാൻ കെ. എസ്. ഇ, ബി. ലിമിറ്റഡ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തി ലേയ്ക്കായി 14 കോടി രൂപയുടെ ഭരണാനുമതി യാണ് ബോർഡ് നൽകിയിട്ടുള്ളത്. ഫ്ലാറ്റ് നിർമ്മാണത്തിനായി 2682.31 $m^2$ (66.31 സെന്റ്) സ്ഥലം ആവശ്യമായി വരും. |
| (സി) | നിലവിലെ 110 കെ. വി. സാധാരണ 220 കെ. വി. സബ് സ്റ്റേഷനായി ഉയർത്താൻ എത്ര സ്ഥലം വേണ്ടി വരുമെന്നും അത് ഇപ്പോൾ ലഭ്യമാണോയെന്നും ഫ്ലാറ്റിനുള്ള സ്ഥലം മാറ്റിയാൽ ആയത് ലഭിക്കുമോയെന്നും വെളിപ്പെടുത്താമോ ; | (സി) | നിലവിലെ 110 കെ.വി. സബ്സ്റ്റേഷൻ, സാധാരണ 220 കെ.വി. സബ്സ്റ്റേഷനായി ഉയർത്താൻ ഏകദേശം 2 ഏക്കർ സ്ഥലം വേണ്ടി വരും. നിലവിൽ (ഫ്ലാറ്റ് പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉൾപ്പെടെ) ഇത്രയും സ്ഥലം സബ്സ്റ്റേഷൻ പണിയുന്നതിന് അനുയോജ്യമായ തരത്തിൽ ലഭ്യമല്ലെന്നാണ് ബോർഡ് കണ്ടെത്തിയിട്ടുള്ളത്. |
| (ഡി) | സാധാരണ 220 കെ. വി. സബ് സ്റ്റേഷൻ നിർമ്മിതിക്ക് എന്ത് ചെലവ് വരുമെന്നും അത് ഹൈബ്രിഡ് അല്ലെങ്കിൽ ജി. ഐ. എസ്. രീതിയിലേയ്ക്ക് മാറ്റിയാൽ | (ഡി) | സാധാരണ 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഏകദേശം 34 കോടി രൂപ ചെലവ് വരും. ജി.ഐ.എസ് രീതിയിലേയ്ക്ക് മാറ്റിയാൽ 80 കോടി രൂപ ചെലവ് വരും. |

എന്ത് ചെലവ് വരുമെന്നും വ്യക്തമാക്കാമോ ;

(ഇ) ഫ്ലാറ്റ് നിർമ്മിതിക്ക് വേണ്ടതായ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റേയും, ഫയർ ഫോഴ്സ് വകുപ്പിന്റേയും അനുമതി ലഭിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ പ്രസരണ വിഭാഗം മേധാവിയുടെ അഭിപ്രായം തേടിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(ഇ) നിർമ്മാണ അനുമതികൾക്കായുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ-സൗത്ത്) -ന്റെ അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

Hemalekha

**സെക്ഷൻ ഓഫീസർ**